**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3117** **14-02-2024 - ൽ മറുപടിയ്ക്ക്**

**ജലക്ഷാമം പരിഹരിക്കുന്നതിനും ജല വിതരണം മെച്ചപ്പെടുത്തുന്നതിനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിവിധ കാരണങ്ങൾ മൂലം കുടിവെള്ളം മുടങ്ങുന്ന അവസ്ഥ ഇല്ലായ്മ ചെയ്യുന്നതിനായി മാസം തോറും റിവ്യൂ മീറ്റിങ്ങുകൾ നടത്താനും ഇതിനെ ശക്തമായി മോണിറ്റർ ചെയ്യാനും നോഡൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ റിവ്യൂ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിലുള്ള മാള സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറെ നോഡൽ ഓഫിസറായി നിയമിച്ചിട്ടുണ്ട്. മാസംതോറും റിവ്യൂ മീറ്റിംഗുകൾ നടത്തുന്നതിനും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലുമായി ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 30893 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ആകെ 20509.43 ലക്ഷം രൂപയുടെ പ്രവർത്തികൾക്കാണ് ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. ഇതിൽ 9-2-2024 വരെ 12601 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. മണ്ഡലത്തിൽ ഇനിയും 16594 കുടിവെള്ള കണക്ഷനുകൾ കൂടി നല്കുവാനുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകി എന്നും ഇനി എത്ര വീടുകൾക്ക് നൽകാനുണ്ട് എന്നും വ്യക്തമാക്കുമോ? | (സി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലുമായി ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 30893 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ആകെ 20509.43 ലക്ഷം രൂപയുടെ പ്രവർത്തികൾക്കാണ് ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്. ഇതിൽ 9-2-2024 വരെ 12601 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. മണ്ഡലത്തിൽ ഇനിയും 16594 കുടിവെള്ള കണക്ഷനുകൾ കൂടി നല്കുവാനുണ്ട്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ